പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 214 **28-10-2026-ൽ മറുപടിയ്ക്ക്**

കെ.എഫ്.ഡി.സി.യുടെ വർക്കേഷൻ സൗകര്യങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) ഷോല എന്ന ബ്രാൻഡിന് കീഴിൽ കെ.എഫ്.ഡി.സി.(കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ) നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

മറുപടി: ഷോല എന്ന ബ്രാൻഡിന് കീഴിൽ പ്രധാനമായും വർക്കേഷൻ എന്ന പദ്ധതിക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. കൂടാതെ, പോഡ് സ്റ്റേ , Travel Today Pay Tomorrow, Guide to Nature തുടങ്ങിയ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) പണം തടസ്സമാകാതെ യാത്രകൾ പോകാൻ യാത്രാ പ്രേമികൾക്ക് വായ്പാ സൗകര്യമൊരുക്കാൻ കെ.എഫ്.ഡി.സി. തയ്യാറാക്കുന്ന 'ട്രാവൽ ടുഡേ, പേ ടുമാറോ'എന്ന പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

മറുപടി: ഒരുമിച്ച് വലിയൊരു തുക മുൻകൂറായി അടയ്ക്കാൻ ബുദ്ധിമുട്ടുള്ള സഞ്ചാരികൾക്കായി 'ട്രാവൽ ടുഡേ പേ ടുമോറോ' എന്ന പദ്ധതി കെ.എഫ്.ഡി.സി. വിഭാവനം ചെയ്യുന്നു. ബാങ്കുകളുമായി സഹകരിച്ച്, തവണ വ്യവസ്ഥയിൽ (EMI) സഞ്ചാരികൾക്ക് കെ.എഫ്.ഡി.സി.യുടെ വിവിധ ഡെസ്റ്റിനേഷനുകളിൽ താമസസൗകര്യം ലഭ്യമാക്കുന്ന പദ്ധതിയാണിത്.

(സി) പ്രവൃത്തിദിനങ്ങളിലും കൂടുതൽ പേരെ യാത്രകൾക്ക് പ്രേരിപ്പിക്കുന്നതിന് ഗവി, സൂര്യനെല്ലി എന്നിവിടങ്ങളിൽ താമസിച്ചു ജോലി ചെയ്യുന്നതിനുള്ള വർക്കേഷൻ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോയെന്നും വർക്കേഷൻ ബുക്കിങ്ങിനായി വായ്പാ സൗകര്യം പ്രയോജനപ്പെടുത്താൻ കഴിയുമോയെന്നും വിശദമാക്കുമോ?

മറുപടി: വർക്കേഷൻ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നിലവിൽ ഗവിയിലും സൂര്യനെല്ലിയിലുമാണ് വർക്കേഷൻ ആരംഭിച്ചിട്ടുള്ളത്. ഐ.ടി. ജീവനക്കാർ, എഴുത്തുകാർ, മറ്റ് തൊഴിൽ മേഖലകളിലുള്ളവർ എന്നിവർക്ക് പ്രകൃതിയോടിണങ്ങി താമസിച്ചുകൊണ്ട് ജോലി ചെയ്യുന്നതിനാവശ്യരായ ഹൈസ്പീഡ് ഇന്റർനെറ്റ് സൗകര്യം, 24 മണിക്കൂർ അസിസ്റ്റൻസ്, ഡെഡിക്കേറ്റഡ് വർക്ക് റൂം എന്നിവയ്ക്കു പുറമെ ട്രക്കിംഗ്, ബോട്ടിംഗ്, ഭക്ഷണം തുടങ്ങിയ സൗകര്യങ്ങളും വർക്കേഷൻ പാക്കേജിൽ ഉൾപ്പെടുന്നുണ്ട്.

കെ.എഫ്.ഡി.സി. വിഭാവനം ചെയ്യുന്ന 'ട്രാവൽ ടുഡേ പേ ടുമോറോ' പദ്ധതിയിലൂടെ വർക്കേഷൻ ഉൾപ്പെടെ കെ.എഫ്.ഡി.സി.യുടെ വിവിധ ടൂറിസം പാക്കേജുകൾ തവണ വ്യവസ്ഥയിൽ (EMI) ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

സെക്ഷൻ ഓഫീസർ